I ഇ.ബി. XIII-കേരള നിയമസഭ/XV-2

# പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 01, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തര പ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: ഭക്ഷ്യധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ, ജീവൻരക്ഷാ മരുന്നുകൾ എന്നിവയുടെ വിലക്കയറ്റത്തിന്റെ കെടുതികളിൽപ്പെട്ട് ജനജീവിതം ദുസ്സഹമാകുകയും കമ്പോളത്തിലിടപെടാനുള്ള സപ്ലൈകോ, കൺസ്യൂമർഫെഡ്, നീതി-മാവേലി

സ്റ്റോറുകൾ, ഹോർട്ടികോർപ്പ് എന്നിവയുടെ പ്രവർത്തനം നിശ്ചലമാകുകയും ചെയ്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, എം. ചന്ദ്രൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ശക്തമായ ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ട്. സപ്ലൈകോ ഉൾപ്പെടെയുള്ള വിപണന ഏജൻസികൾവഴി കൃത്യമായ രീതിയിൽ പയർ വർഗ്ഗങ്ങൾ അടക്കമുള്ള ഭക്ഷ്യസാധനങ്ങൾ ഏകീകരിച്ച് വിതരണം ചെയ്യാനും അരിയുടെ വില നിയന്ത്രണവിധേയമാക്കാനും കഴിഞ്ഞിട്ടുണ്ട്. കാലാവസ്ഥയിലുണ്ടായ വ്യതിയാനംമൂലം പയർ വർഗ്ഗങ്ങളുടെ ഉൽപാദനം കുറഞ്ഞതാണ് വില വർദ്ധിക്കാൻ കാരണം. വില വർദ്ധനവിനെത്തുടർന്ന് പയർ വർഗ്ഗങ്ങൾ പൂഴ്ത്തിവയ്ക്കാനുള്ള സാധ്യത മുന്നിൽക്കണ്ടുകൊണ്ട് ഗവൺമെന്റ് റെയ്ഡുകൾ നടത്തിയതിന്റെ ഫലമായി അവയുടെ വിലയിൽ നേരിയ കുറവ് വന്നിട്ടുണ്ട്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത

നിലയിലുള്ള വിപണി ഇടപെടലും നടത്തുന്നുണ്ട്.

<u>ശ്രീ. സി. ദിവാകരൻ</u>: നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായതിരിക്കുന്നു. വിലക്കയറ്റം തടയുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാത്തതിന് പുറമേ നീക്കിവച്ച പണംപോലും ചെലവഴിക്കാതെ ഈ ഗവൺമെന്റ് ജനങ്ങളെ ദ്രോഹിക്കുകയാണ്. പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായാൽ മാത്രമേ കമ്പോളത്തിലിടപെടാൻ സാധിക്കുകയുള്ളൂ. ഭക്ഷ്യ സുരക്ഷാ ബില്ലിലെ നിർദ്ദേശങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടില്ല. വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായി പ്രവർത്തിക്കേണ്ട കൺസ്യൂമർ ഫെഡിനെതിരെ സി.ബി.ഐ അന്വേഷണം നടക്കുകയാണ്. അവശ്യസാധനങ്ങൾ ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് ശേഖരിച്ചിരുന്ന അവസ്ഥ ഇല്ലാതായി. പഴം, പച്ചക്കറി, മത്സ്യം, മാംസം തുടങ്ങിയ എല്ലാ സാധനങ്ങളുടെയും വില വർദ്ധിച്ചുവരികയാണ്. വിലനിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച 15 മാവേലി ഹോട്ടലുകളും പൂട്ടേണ്ടിവന്നു. വില നിയന്ത്രിക്കുന്നതിന് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമ്പോള ഇടപെടൽ, നെല്ല് സംഭരണം, റേഷൻ വിഹിതം

എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യ വിഹിതം പൂർണ്ണമായും നേടിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെട്ടിക്കുറച്ച റേഷൻ വിഹിതം പുന:സ്ഥാപിച്ചിട്ടുണ്ട്. മണ്ണെണ്ണ വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. സംഭരിക്കുന്ന നെല്ല് കുത്തരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്തുവരുന്നു. കമ്പോളത്തിൽ ആവശ്യമായ സന്ദർഭങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നുണ്ട്. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി മൂന്ന് ഇനം അരി, വെളിച്ചെണ്ണ എന്നിവ സബ്സിഡിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോയിൽ കൃത്യമായ ഭരണസംവിധാനം നിലനിൽക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിൽ നേരിട്ട കാലതാമസം റേഷൻ വിതരണത്തെ ബാധിച്ചിട്ടില്ല. അർഹതപ്പെട്ട റേഷൻ വിഹിതം വാങ്ങിച്ചെടുക്കുന്നതിനും കൃത്യമായി വിതരണം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഭക്ഷ്യസാധനങ്ങളുടെ ഉൽപാദനത്തിലുണ്ടാകുന്ന കുറവ് സംസ്ഥാനത്തെ ബാധിക്കുമ്പോൾ വിപണിയിലിടപെട്ടുകൊണ്ട് വില

നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): കൺസ്യൂമർഫെഡിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് എല്ലാ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പച്ചക്കറിയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അധിക വിലവർദ്ധനവുള്ള പച്ചക്കറിയിനങ്ങൾക്ക് 30 ശതമാനം സബ്സിഡി നൽകി ഹോർട്ടികോർപ്പ് വഴി വിപണനം നടത്തുന്നുണ്ട്. സർക്കാർ സ്വീകരിച്ച നടപടികളുടെ ഗുണഫലം പൊതുവിപണിയിലും ദൃശ്യമായിത്തുടങ്ങിയിട്ടുണ്ട്. നാളികേര കർഷകരെയടക്കം സംരക്ഷിക്കുന്നതിനും പച്ചക്കറി വില വർദ്ധനവ് തടയുന്നതിനും സർക്കാർ ശക്തമായ

ഇടപെടൽ നടത്തുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ആവശ്യമായ ഫണ്ട് സർക്കാർ നൽകിയില്ലെന്ന വിമർശനത്തിൽ കഴമ്പില്ല. വിപണിയിലിടപെടുന്നതിനായി സപ്ലൈകോയ്ക്കും കൺസ്യൂമർ ഫെഡിനും കഴിഞ്ഞ സർക്കാർ അനുവദിച്ചതിനെക്കാൾ കൂടുതൽ തുകയാണ് ഈ സർക്കാർ നാളിതുവരെ അനുവദിച്ചിട്ടുള്ളത്. പച്ചക്കറി വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ഹോർട്ടികോർപ്പിന് അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ വിലയിരുത്തി കൂടുതൽ തുക ആവശ്യമാണെങ്കിൽ അതും അനുവദിക്കുന്നതാണ്. നിത്യോപയോഗസാധനങ്ങൾ വില കുറച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ എല്ലാ സംവിധാനങ്ങളും സർക്കാർ ഏർപ്പെടുത്തുന്നതാണ്. ഈ വിഷയത്തിൽ പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഊർജ്ജിത നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. മാർക്കറ്റ് ഇന്റർവെൻഷൻ പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കൺസ്യൂമർഫെഡിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്യുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്നും പുറത്തുപോകുകയും അൽപസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) പ്രവാസി മലയാളികൾക്ക് വോട്ടവകാശം

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയിലും ആരോഗ്യ-വിദ്യാഭ്യാസ-ജീവകാരുണ്യ മേഖലകളിലും നിർണ്ണായക പങ്ക് വഹിക്കുന്ന വിദേശ മലയാളികൾക്ക് സ്വന്തം നാട്ടിൽ വോട്ടവകാശം രേഖപ്പെടുത്തുന്നതിന് ഭാരിച്ച വിമാനയാത്രാക്കൂലി മുടക്കേണ്ടിവരുമെന്ന സാഹചര്യം കണക്കിലെടുത്ത് അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിൽനിന്നുതന്നെ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമേർപ്പെടുത്തണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രവാസി മലയാളികൾക്ക് ജന്മനാട്ടിൽ വോട്ടവകാശം രേഖപ്പെടുത്തുന്നതിന് ഭാരിച്ച വിമാനയാത്രാക്കൂലി മുടക്കേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്ത് അവർ ജോലി ചെയ്യുന്ന രാജ്യത്തുതന്നെ വോട്ട് ചെയ്യുന്നതിനായി ഇ-വോട്ടിംഗ്, പ്രോക്സി വോട്ടിംഗ് അടക്കമുള്ള സംവിധാനമൊരുക്കുന്നതിന് സർക്കാർ തയ്യാറാണ്. ഇതിനായി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ പ്രോക്സി വോട്ടിംഗ് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഓൺലൈൻ വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ആർ.പി. നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാർ, കേന്ദ്ര ഇലക്ഷൻ കമ്മീഷൻ എന്നിവരുമായി ചർച്ച നടത്തി സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) വിദൂര വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ

ശ്രീമതി ഇ.എസ്. ബിജിമോൾ: നിരവധി വിദ്യാർത്ഥികൾ ആശ്രയിച്ചുവന്നിരുന്നതും ഉന്നത നിലവാരം പുലർത്തിയിരുന്നതുമായ വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ഓഫ് ക്യാമ്പസുകൾ അടച്ചുപൂട്ടിയതുമൂലം വിദ്യാർത്ഥികൾ

നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തര ഇടപെടലുണ്ടാകണം. ഓൺലൈൻ എക്സാമിനേഷൻ, ഇൻക്യാമറ എക്സാം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി ഈ രംഗത്തെ വ്യാജന്മാരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ പൂട്ടാനുള്ള യൂണിവേഴ്സിറ്റികളുടെ തീരുമാനം പുന:പരിശോധിക്കാൻ നിർദ്ദേശം നൽകണം. സമൂഹത്തിന്റെ താഴേത്തട്ടിലുള്ള വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കാനുതകുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങളെ സംരക്ഷിക്കാൻ സർക്കാർ സന്നദ്ധമാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ അടച്ചുപൂട്ടണമെന്ന യു.ജി.സി. നിർദ്ദേശമനുസരിച്ച് ഇത്തരം കേന്ദ്രങ്ങൾ അടച്ചുപൂട്ടാൻ സർക്കാർ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടമായ യു.ജി.സി. അംഗീകാരം പുന:സ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായി യു.ജി.സി നിഷ്കർഷിച്ച സത്യവാങ്മൂലവും നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷയും അനുബന്ധരേഖകളും 01.08.2015-ൽ സമർപ്പിച്ചുവെങ്കിലും അനുകൂല നടപടി ഉണ്ടാകാത്തതിനാൽ വൈസ് ചാൻസലർ യു.ജി.സി. ആസ്ഥാനത്ത്

നേരിട്ടുപോയി അധികാരികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. വിദൂരവിദ്യാഭ്യാസം വഴി അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ തുടർ പഠനത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും അക്കാര്യം പത്രക്കുറിപ്പിലൂടെ വിദ്യാർത്ഥികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 5 മുതൽ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, കൊട്ടാരക്കര എന്നിവിടങ്ങളിൽ സമ്പർക്ക ക്ലാസ്സുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സബ്മിഷൻ**

(1) ബാർകോഴ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബാർ കോഴക്കേസിൽ എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ഉയർന്ന ആരോപണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ തുടർനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം 10 കോടി രൂപ ബാർ അസോസിയേഷൻ ഭാരവാഹികൾ നൽകിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടയുടനെ ഇത് സംബന്ധിച്ച് പ്രാഥമികാന്വേഷണത്തിന് വിജിലൻസ് ഡയറക്ടർ ഉത്തരവിടുകയും പ്രസ്തുത

അന്വേഷണത്തിൽ കോടതിയിൽ പറയാത്ത ആരോപണങ്ങൾ ഉന്നയിച്ചതിനെത്തുടർന്ന് സമഗ്രമായ അന്വേഷണം നടത്തിയെങ്കിലും നിയമാനുസരണം തുടർനടപടികൾ സ്വീകരിക്കാൻ പര്യാപ്തമല്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിരുന്നു. സി.ഡി.-യിൽ മോഡിഫിക്കേഷൻ വരുത്തിയതായി സംശയമുള്ളതിനാലാണ് തെളിവായി സ്വീകരിക്കാൻ അന്വേഷണ ഉദ്യോഗസ്ഥർ വിസമ്മതിച്ചത്. ലഭിച്ച തെളിവുകളെല്ലാം പരിശോധിച്ചശേഷമാണ് ശ്രീ. കെ. ബാബുവിനെതിരെ എഫ്.ഐ.ആർ. എടുക്കാൻ പര്യാപ്തമല്ലെന്നും കേസ് വേണ്ടെന്നും വിജിലൻസ് തീരുമാനിച്ചത്. ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ വിജിലൻസിന് സ്വതന്ത്രമായ അധികാരവും അവകാശവും നൽകിയിട്ടുണ്ട്. പ്രസ്തുത കേസ് ഹൈക്കോടതിയുടെ പരിഗണനയിലിരി ക്കുന്നതിനാൽ അതിന്റെ മെറിറ്റിലേക്ക് കടക്കുന്നില്ല. ഈ കേസ് നല്ല നിലയിൽ അന്വേഷിച്ചശേഷമാണ് വിജിലൻസ് ഡയറക്ടർ തീരുമാനമെടുത്തത്. മുഴുവൻ സാക്ഷികളുടെയും മൊഴികൾ പരിശോധിച്ച് വ്യക്തമായ തെളിവുകൾ ശേഖരിച്ചതിനുശേഷം എൻക്വയറി ഓഫീസർ കൈക്കൊണ്ടിട്ടുള്ള തീരുമാനമാണ് ഇത്. തെളിവില്ലാത്ത ഒരു കേസിൽ വിജിലൻസിന് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല. പ്രതിപക്ഷ

നേതാവ് പറഞ്ഞ കാര്യത്തിന് യാതൊരു അടിസ്ഥാനവുമില്ല.

(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം

ശ്രീ. കെ. എസ്. ശബരീനാഥൻ: വിതുര ഗ്രാമപഞ്ചായത്തിലെ മുളയ്ക്കോട്ടുകരയിൽ കുടിയൊഴിപ്പിക്കപ്പെടുന്ന നിരാലംബരായ ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഹൈക്കോടതിയിൽ കേസ് കൊടുത്തതിനെത്തുടർന്ന് നെടുമങ്ങാട് സബ്‌കോടതിയിൽ നിന്നും 13 പേർക്ക് എതിരായ ഒരു ഉത്തരവാണ് വന്നിരിക്കുന്നത്. അതിൽ 5 പേർക്ക് ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. അവിടെ താമസിക്കുന്നവർ സഹതാപം അർഹിക്കുന്നവരായതുകൊണ്ട് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കുന്നതാണ്.

(3) പട്ടികജാതി യുവാവിന് നേർക്കുണ്ടായ പോലീസ് മർദ്ദനം

ശ്രീ. എം. ഹംസ: ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ലക്കിടി സ്വദേശിയും ദളിത് യുവാവുമായ മനോജിനെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ വച്ച് ക്രൂരമായി

മർദ്ദിക്കുകയും സംഭവം അന്വേഷിക്കാൻ ചെന്ന തനിക്കെതിരെ കള്ളക്കേസ് എടുക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 7.11.2015-ൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധിയിലെ മുളഞ്ഞൂർ ലക്കിടി മംഗലം സ്ഥലവാസിയായ മനോജ് മദ്യപിച്ച് പൊതുസ്ഥലത്ത് ബഹളമുണ്ടാക്കുന്നതായി മുളഞ്ഞൂർ സ്കൂളിന് സമീപം പിക്കറ്റ് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ. അറിയിച്ചതിനെത്തുടർന്ന് ക്രമസമാധാന പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന സബ് ഇൻസ്പെക്ടറും രണ്ട് സി.പി.ഒ. മാരും സംഭവസ്ഥലത്തെത്തി മനോജിനെ അറസ്റ്റ് ചെയ്ത് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഹാജരാക്കി വൈദ്യപരിശോധന നടത്തുകയും തിരികെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെത്തിച്ച് മനോജിനെ പ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇയാളെ ജാമ്യത്തിൽ വിട്ടയയ്ക്കാനുള്ള നടപടി സ്വീകരിച്ചുവരവെ പിക്കറ്റ് പോസ്റ്റ് ഡ്യൂട്ടി മാറി അവിടെയെത്തിയ സി.പി.ഒ. സന്തോഷ് കുമാറിനെ യൂണിഫോമിൽ പിടിച്ചുനിർത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സം ചെയ്യുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ പ്രസ്തുത സി.പി.ഒ.യുടെ പരാതിപ്രകാരം എം.എൽ.എ. ശ്രീ. എം. ഹംസയെയും മറ്റ് പതിനഞ്ചോളംപേരെയും പ്രതിയാക്കി കേസ് രജിസ്റ്റർ

ചെയ്യുകയും അത് ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധിയിൽ അന്വേഷിച്ചുവരികയുമാണ്. സ്റ്റേഷനിൽ നിന്ന് ജാമ്യത്തിലിറങ്ങിയ മനോജ് പോലീസ് ചൂരൽകൊണ്ട് തന്നെ മർദ്ദിച്ചുവെന്നാരോപിച്ച് ഒറ്റപ്പാലം ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റാകുകയും അതേ ആരോപണങ്ങൾ ഉന്നയിച്ച് ആഭ്യന്തര വകുപ്പുമന്ത്രിക്കും സംസ്ഥാന പോലീസ് മേധാവിക്കും എം.എൽ.എ. മുഖാന്തിരം പരാതി നൽകുകയും ചെയ്തു. ഈ പരാതികൾ സംബന്ധിച്ച് പാലക്കാട് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. മനോജിനെ പോലീസ് മർദ്ദിച്ചുവെന്ന വിവരമറിഞ്ഞ് സംഭവമന്വേഷിക്കാൻ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെത്തിയ തന്നോട് സി.പി.ഒ. സന്തോഷ് കുമാറും എസ്.ഐ.രാജേന്ദ്രനും ധിക്കാരപരമായി പെരുമാറുകയും ഇരുവരും ഗൂഢാലോചന നടത്തി തനിക്കെതിരെ കള്ളക്കേസ് എടുക്കുകയും ചെയ്തുവെന്നാരോപിച്ച് എം.എൽ.എ. എന്നോട് നേരിട്ട് ഫോണിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പോലീസ് മേധാവിക്ക് പരാതി കൊടുക്കാൻ ഞാൻ ആവശ്യപ്പെടുകയും അദ്ദേഹം പരാതി കൊടുക്കുകയും ചെയ്തു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. യൂണിഫോമിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ.യെ പ്രതി മനോജ് പൊതുജനമധ്യത്തിൽവച്ച് വളരെ മോശമായ രീതിയിൽ അസഭ്യം പറഞ്ഞതിനുള്ള വിരോധത്തിൽ ഡ്യൂട്ടി മാറി പോലീസ്

സ്റ്റേഷനിലെത്തിയ അദ്ദേഹം മനോജിനെ പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സി.പി.ഒ. സന്തോഷ് കുമാറിനെ ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റുകയും വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയുമാണ്. എസ്.ഐ. രാജേന്ദ്രൻ മനോജിനെ മർദ്ദിച്ചതായി തെളിഞ്ഞിട്ടില്ലെങ്കിലും ആരോപണം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇദ്ദേഹത്തെയും ഒറ്റപ്പാലം സി.ഐ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. എം.എൽ.എ.യുടെ പേരിലുള്ള കേസിനെക്കുറിച്ച് ജില്ലാ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് കിട്ടിയതിനുശേഷം ഇക്കാര്യത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

(4) <u>കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ</u>

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനും ശക്തമായ ബോധവൽക്കരണം നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സംസ്ഥാനത്ത് കുട്ടികൾക്കുനേരെയുള്ള ലൈംഗീകാതിക്രമങ്ങൾക്ക് ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ് ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റിലെയും വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം

നടത്തിവരികയാണ്. ഇത്തരം കേസുകളിൽ കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്ന തരത്തിലാണ് കുറ്റപത്രങ്ങൾ തയ്യാറാക്കുന്നത്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് പൊതുജനങ്ങളുടെ സഹകരണം ആവശ്യമായതിനാൽ ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ സംവിധാനങ്ങളിലൂടെയും മറ്റ് സന്നദ്ധസംഘടനകൾ മുഖേനയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇന്റർനെറ്റിലൂടെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് നിയമപരമായി ചില ബുദ്ധിമുട്ടുകളുണ്ടെങ്കിലും കേരള പോലീസ് ആക്ട്, ഐ.പി.സി. വകുപ്പുകൾ പ്രകാരമുള്ള നടപടികൾ തുടർന്നും കൈക്കൊള്ളുന്നതാണ്. സാമൂഹ്യനന്മയും സുരക്ഷിതത്വവും മുൻനിർത്തി കൂടുതൽ സ്കൂളുകളിലേയ്ക്ക് കൗൺസിലിംഗും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

(5) ഐ.പി.സി. 153 (എ) പ്രകാരമുള്ള കേസ്

ശ്രീ. റ്റി. എൻ. പ്രതാപൻ: സംസ്ഥാനത്ത് മത-സാമുദായിക സൗഹാർദ്ദം തകർക്കുകയും വർഗ്ഗീയ കലാപം സൃഷ്ടിക്കുകയും ചെയ്യുന്ന രീതിയിൽ പ്രസംഗം നടത്തുന്ന ശ്രീ. വെള്ളാപ്പള്ളി നടേശനെതിരെ ഐ.പി.സി.153 (എ) പ്രകാരം കേസ് എടുക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സമത്വ മുന്നേറ്റ ജാഥയുടെ ഭാഗമായി ആലുവയിൽ നൽകിയ സ്വീകരണച്ചടങ്ങിൽ കോഴിക്കോട് ജില്ലയിൽ രക്ഷാശ്രമത്തിനിടെ മരണപ്പെട്ട നൗഷാദിന്റെ കുടുംബത്തിന് ഗവൺമെന്റ് നൽകിയ സഹായവാഗ്ദാനത്തെ വിമർശിച്ചുകൊണ്ട് ശ്രീ. വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസംഗം കേരളത്തിലെ മതസൗഹാർദ്ദം തകർക്കുന്നതിനും വിവിധ മതവിഭാഗങ്ങൾക്കിടയിൽ ശത്രുത വളർത്തുന്നതിനുമുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമാണെന്നും അതിനെതിരെ നിയമനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. വി. എം. സുധീരൻ, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നിവർ കത്ത് നൽകുകയും പൊതുപ്രവർത്തകനായ ജി. ഗിരീഷ് ബാബു പരാതി നൽകുകയും ശ്രീ. വി. എസ്. അച്ചുതാനന്ദൻ മാധ്യമങ്ങളിലൂടെ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് കൈമാറിയ ടി കത്തുകൾ ഡി.ജി.പി.മുഖേന ആലുവ എസ്.പി-ക്ക് റഫർ ചെയ്യുകയും ഐ.പി.സി.153 (എ) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. മതസൗഹാർദ്ദത്തെ തകർക്കുന്ന, നിയമ വ്യവസ്ഥയെ അട്ടിമറിക്കുന്ന രീതിയിൽ നാട്ടിലുണ്ടാകുന്ന യാതൊരു നീക്കവും

അനുവദിക്കുന്നതല്ല. സംസ്ഥാനത്തെ വിവിധ മതവിഭാഗങ്ങൾക്കിടയിൽ അസ്വസ്ഥതയും വിഭാഗീയതയും ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(6) ശിവഗിരി ശ്രീനാരായണഗുരു മന്ദിരത്തിന് നേരെയുണ്ടായ അക്രമം

ശ്രീ. വർക്കല കഹാർ: ശിവഗിരി വട്ടപ്ലാമൂട് ശ്രീനാരായണ ഗുരുമന്ദിരത്തിന് നേരെയുണ്ടായ അക്രമം അന്വേഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വർക്കല അയിരൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ വട്ടപ്ലാമൂട് ജംഗ്ഷനിൽ സ്ഥാപിച്ചിരുന്ന ശ്രീനാരായണ ഗുരുമന്ദിരം അജ്ഞാതൻ തകർത്തെന്ന മന്ദിരം പ്രസിഡന്റിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അയിരൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും കല്ലേറിയുന്ന ശബ്ദം കേട്ട് ഓടിവന്ന നാട്ടുകാർ വിവരമറിയിച്ചതിനെത്തുടർന്ന് അയിരൂർ, വർക്കല പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി അന്വേഷണം നടത്തുകയും ചെയ്തു. തുടർന്ന് അയിരൂർ എസ്.ഐ. കേസിന്റെ അന്വേഷണം ഏറ്റെടുത്ത് ഫിംഗർ പ്രിന്റ്, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളെക്കൊണ്ട് പരിശോധന നടത്തുകയും പരിസരവാസികളിൽ നിന്നും

വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുകയും ചെയ്തു. വിശദമായ അന്വേഷണത്തിനായി ആറ്റിങ്ങൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു. നൂറിൽപ്പരം ആളുകളെ ചോദ്യം ചെയ്തും സി.സി.റ്റി.വി. ദൃശ്യങ്ങൾ പരിശോധിച്ചും ലാപ്ടോപ്, കമ്പ്യൂട്ടർ എന്നിവ മുഖേന പൊതുജനങ്ങൾക്കിടയിൽ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തെങ്കിലും അവ്യക്തമായതിനാൽ ഉദ്ദേശിച്ച ഫലമുണ്ടായില്ല. തിരുവനന്തപുരം ഡി.സി.ആർ.ബി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് സി.സി.റ്റി.വി. ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ രേഖാചിത്രം തയ്യാറാക്കി പ്രതിയെ കണ്ടെത്താനുള്ള ശ്രമം നടത്തിവരുന്നു.

(7) യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം

ഡോ. കെ. ടി. ജലീൽ: സർക്കാർ കോളേജുകളിലെ അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): യു.ജി.സി-യുടെ ആറാം ശമ്പള പരിഷ്കരണപ്രകാരം കോളേജ് അദ്ധ്യാപകരുടെ തസ്തികകൾ അസിസ്റ്റന്റ്

പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ നാമകരണം ചെയ്യപ്പെടുകയും അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ.) ബാധകമാക്കുകയും ചെയ്തു. 27.3.2010-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം അദ്ധ്യാപകരുടെ യു.ജി.സി. നിരക്കിലുള്ള വേതനം 1.1.2006 പ്രാബല്യത്തിൽ പരിഷ്കരിച്ച് 1.3.2010 മുതൽ നൽകിത്തുടങ്ങിയിട്ടുണ്ട്. 30.6.2010-നുശേഷം അർഹമായ പ്ലേസ്മെന്റ് അനുവദിക്കുന്നതിനായി എ.പി.ഐ. മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് കോളേജ് അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തുകയും തുടർന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കോളേജ് അദ്ധ്യാപക സംഘടനകളിൽനിന്ന് നിർദ്ദേശങ്ങൾ സമാഹരിച്ചശേഷം പുതുക്കിയ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. അത് സർക്കാർ തലത്തിൽ പരിശോധിച്ചതിനുശേഷം എ.പി.ഐ. നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(8) <u>കുടിവെള്ള ക്ഷാമം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: കഴിഞ്ഞ മൂന്നുദിവസമായി എം.എൽ.എ. ഹോസ്റ്റലിലും നഗരപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്)</u>: അരുവിക്കരയിലെ 72

എം.എൽ.ഡി. പ്ലാന്റിൽ പുതുതായി നിർമ്മിച്ച ജലസംഭരണിയിലേയ്ക്ക് വെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന ജോലിക്കുവേണ്ടി 24 മണിക്കൂർ പമ്പിംഗ് നിർത്തിവച്ചിരുന്നതിനാലാണ് നഗരത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടാനിടയായത്. ഇപ്പോൾ ആ പണി പൂർത്തീകരിച്ചതിനാൽ എല്ലാ ഭാഗത്തും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(9) താനൂർ ഫിഷിംഗ് ഹാർബർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താനൂർ ഫിഷിംഗ് ഹാർബറിന്റെ സാങ്കേതിക പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനും കേന്ദ്രാനുമതിയുടെ കാലതാമസം ഒഴിവാക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിന് 75 ശതമാനം കേന്ദ്ര ധനസഹായ പദ്ധതിയിലുൾപ്പെടുത്തി 30-01-2013-നാണ് ഭരണാനുമതി നൽകിയത്. അതിന്റെ നിർമ്മാണപ്രവർത്തനം മുടങ്ങാതെ നടന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ കല്ലിന്റെ അളവിലും റിക്ലമേഷൻ ബണ്ടിന്റെ അളവിലും കാര്യമായ വർദ്ധനവുണ്ടായതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് സർക്കാർ

അംഗീകാരം നൽകുകയുണ്ടായി. ഈ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ലെവൽ തിട്ടപ്പെടുത്തുന്നതിനായി ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് മുഖേന സൗണ്ടിംഗ് എടുത്ത് ചാർട്ട് പരിശോധിച്ചുവെങ്കിലും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എടുത്ത ആഴത്തിലും ഹൈഡ്രോഗ്രാഫിക്സ് സർവ്വേ വിംഗ് എടുത്ത ആഴത്തിലും വ്യത്യാസം കണ്ടതിനാൽ ജോയിന്റായി ലെവൽ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാഗികമായി പൂർത്തീകരിച്ച പുലിമുട്ടുകളുടെ പ്രവൃത്തിക്കാവശ്യമായ കല്ലിന്റെ അളവ് കരാറിലുള്ളതിനെക്കാൾ അധികരിച്ചതിനാൽ അവയുടെ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>കർഷകർക്ക് സൗജന്യ വൈദ്യുതി</u>

<u>ശ്രീ. കെ. അച്ചുതൻ</u>: ചിറ്റൂരിലെ കർഷകർക്ക് വർഷങ്ങളായി നൽകിക്കൊണ്ടിരുന്ന സൗജന്യ വൈദ്യുതി പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: സംസ്ഥാനത്തെ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന്റെ

ഭാഗമായി നെൽകൃഷിക്ക് പൂർണ്ണമായും സൗജന്യ വൈദ്യുതി അനുവദിച്ചിരുന്നതോടൊപ്പം രണ്ട് ഹെക്ടർവരെ കരഭൂമിയുള്ള എല്ലാ കാർഷിക വിളകൾക്കും ഈ ആനുകൂല്യം ബാധകമാക്കിയിരുന്നു. കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സർക്കാർ ചില മാനദണ്ഡങ്ങൾ നിഷ്കർഷിക്കുകയും ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കർഷകരുടെ വൈദ്യുതി ചാർജ്ജ് കൃഷി വകുപ്പ് വൈദ്യുതി ബോർഡിന് നൽകുകയും ചെയ്തുവരുന്നു. 2013-ലെ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം കാർഷിക മേഖലയിൽ സബ്സിഡി ആനുകൂല്യം നൽകുന്നതിന് നിലവിലെ ഉപഭോക്താക്കളെ വിവിധ കാറ്റഗറിയിൽ വൈദ്യുതി ബോർഡ് തരംതിരിക്കുകയുണ്ടായി. തെങ്ങ്, സുഗന്ധവിളകൃഷി എന്നിവ മേൽവിഭാഗത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നുവെങ്കിലും അത് പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് കെ.എസ്.ഇ.ബി. പിന്നീട് പുറപ്പെടുവിക്കുകയുണ്ടായി. പോളിഹൗസ് കൃഷിക്കുള്ള വൈദ്യുതിക്ക് ഈ വർഷം മുതൽ കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നുണ്ട്.

(11) മങ്കട സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ആവശ്യമുള്ള തസ്തികകൾ അനുവദിച്ചും ഭൗതീക സാഹചര്യങ്ങൾ ഒരുക്കിയും മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ക്രമപ്രശ്നം

ഗവ. ചീഫ് വിപ്പിന്റെ രാജി സംബന്ധിച്ച അനിശ്ചിതത്വം

ശ്രീ. എ. കെ. ബാലൻ: ചീഫ് വിപ്പിന്റെ രാജി സംബന്ധിച്ച് മുഖ്യമന്ത്രി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണിയാടൻ ചീഫ് വിപ്പ് സ്ഥാനത്ത് തുടരുന്നതാണ്.

## വ്യക്തിപരമായ വിശദീകരണം

അവാസ്തവ പ്രസ്താവന

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): അടിയന്തരപ്രമേയത്തിന്റെ വാക്കൗട്ട് പ്രസംഗത്തിൽ ബഹു. പ്രതിപക്ഷ നേതാവ് പരാമർശിച്ച അജയഘോഷ് എന്നയാൾ എന്റെ പേഴ്സണൽ സ്റ്റാഫിൽ ഇല്ല. വാസ്തവ വിരുദ്ധമായ ആ പ്രസ്താവന സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :

(1) 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: പ്രവാസി കേരളിയരുടെ ക്ഷേമ നിധിയിൽ അംഗമാകുന്നതിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സിൽ നിന്നും 60 വയസ്സായി വർദ്ധിപ്പിക്കണമെന്ന ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി പ്രവാസി ക്ഷേമ വകുപ്പ് രൂപീകരിച്ച സംസ്ഥാനമാണ് കേരളം. പ്രവാസികളുടെ ക്ഷേമത്തിനായി സംസ്ഥാന ഗവൺമെന്റ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സമഗ്രമായ കാംപെയിനിലൂടെ പ്രവാസി ക്ഷേമ പദ്ധതിയിലേയ്ക്ക് കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് നാല് തരത്തിലുള്ള

മെമ്പർഷിപ്പാണ് നൽകിവരുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിക്ക് പ്രവാസികൾ നൽകുന്ന സംഭാവന വലുതാണ്. 2014 മുതൽ പ്രവാസിക്ഷേമ പെൻഷൻ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ക്ഷേമപദ്ധതിയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ അംശദായ സംഖ്യ കൊണ്ടോ സംസ്ഥാന സർക്കാരിന്റെ വിഹിതം കൊണ്ടോ പെൻഷൻ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റു വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിവരും. പെൻഷനു പുറമേ ചികിത്സാസഹായം, വിവാഹധനസഹായം, വിദ്യാഭ്യാസ ഗ്രാന്റ് തുടങ്ങിയവ നൽകിവരുന്നുണ്ട്. പുതിയ പദ്ധതികളിലൂടെ അംഗസംഖ്യ വർദ്ധിപ്പിച്ച് പ്രവാസിക്ഷേമ പദ്ധതി കൂടുതൽ ആകർഷകമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിന്റെ വളർച്ചയ്ക്കും സാമ്പത്തികഭദ്രതയ്ക്കും വിലപ്പെട്ട സംഭാവനകൾ നൽകുന്ന പ്രവാസികളുടെ ക്ഷേമത്തിന് യു.ഡി.എഫ്. സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലെയും മറ്റു വിദേശരാജ്യങ്ങളിലെയും കർശനനിയമവ്യവസ്ഥകളിലും ആഭ്യന്തര പ്രശ്നങ്ങളിലും ബുദ്ധിമുട്ടുന്ന

പ്രവാസികളുടെ സുരക്ഷയ്ക്കും സംഘർഷങ്ങളിലകപ്പെട്ടവരെ യഥാസമയം മടക്കിക്കൊണ്ടുവരുന്നതിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന സമയോചിതമായ ഇടപെടലുകൾ അങ്ങേയറ്റം പ്രശംസനീയമാണ്. നഴ്സുമാരുടെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് നടക്കുന്ന ചൂഷണം ഒഴിവാക്കുന്നതിന് റിക്രൂട്ട്മെന്റ് പരിമിതപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്രസർക്കാർ ഉത്തരവുണ്ടായത് സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലമാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന പ്രവാസികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സാന്ത്വനം പദ്ധതിയും വിദേശത്ത് വച്ച് മരണമടയുന്ന പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള പദ്ധതിയും ശ്രദ്ധേയമാണ്. പ്രവാസികളുടെ പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ സഹായം ഉറപ്പാക്കുന്നതിന് നടപടികളുണ്ടാകണം. സീസൺ സമയങ്ങളിൽ തത്വദീക്ഷയില്ലാതെ യാത്രാക്കൂലി വർദ്ധിപ്പിക്കുന്ന വിമാനക്കമ്പനികളുടെ ചൂഷണത്തിൽ നിന്നും പ്രവാസിസമൂഹത്തെ രക്ഷിക്കാൻ നടപടിയുണ്ടാകണം. അഞ്ച് വർഷക്കാലം രാജ്യാന്തര സർവ്വീസിൽ പരിചയവും 20 ഫ്ലൈറ്റുകൾ സ്വന്തമായുള്ളതുമായ കമ്പനികൾക്കാണ് അന്തർദേശീയ തലത്തിൽ എയർലൈൻ സർവ്വീസ് ആരംഭിക്കാൻ അനുവാദം നൽകുന്നത്. നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് സംസ്ഥാന ഗവൺമെന്റിന് ഇതിന് സാധിക്കുകയില്ല. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച

പുതിയ എയർലൈൻ പോളിസി പ്രാബല്യത്തിൽ വരുമ്പോൾ പ്രസ്തുത ചട്ടത്തിൽ ഇളവ് വരികയാണെങ്കിൽ 'എയർ കേരള' ആരംഭിക്കാൻ സാധിക്കും. കേരളത്തിലെ എയർപോർട്ടുകൾ ഇന്റർനാഷണൽ ഹബ്ബായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാന ഗവൺമെന്റ് എയർലൈൻ സർവ്വീസ് ആരംഭിച്ചാൽ മാത്രമേ പ്രവാസികളുടെ യാത്രാദുരിതം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ട്രാഫിക് നിയമ ലംഘനമുൾപ്പെടെയുള്ള ചെറിയ കേസുകളിൽപെട്ട് ഫൈൻ അടയ്ക്കാൻ സാധിക്കാതെ ജയിലിൽ കഴിയുന്ന പ്രവാസികളെ എംബസികളുടെ സഹായത്തോടെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കണം. വിദേശമലയാളികളുടെ പേരിലുള്ള കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ചാലക ശക്തിയായി പ്രവർത്തിക്കുന്ന പ്രവാസികൾക്ക് കൊടുക്കേണ്ട പരിഗണന, സാമൂഹ്യ സുരക്ഷ, അംഗീകാരം, സാമ്പത്തിക സംരക്ഷണം, റീഹാബിലിറ്റേഷൻ ഉൾപ്പെടെ കേരളം അഭിമുഖീകരിക്കാൻ പോകുന്ന സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾക്ക് ദീർഘ വീക്ഷണത്തോടുകൂടിയുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നതിനും രാജ്യത്തിന്റെ മതേതരത്വത്തെ വെല്ലുവിളിക്കുന്ന രീതിയിലുള്ള ഇടപെടലുകളെ ശക്തമായി

ചെറുത്തുനിൽക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനും പ്രവാസികാര്യ വകുപ്പിന് സാധിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസി കേരളീയർക്ക് ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള ഉയർന്ന പ്രായപരിധി 55 വയസ്സ് എന്നുള്ളത് 60 ആക്കി മാറ്റുന്നതിന് ഈ നിയമത്തിൽ വരുത്തുന്ന ഭേദഗതി സ്വാഗതാർഹമാണ്. ഈ ക്ഷേമനിധിയിലെ അംഗസംഖ്യ കുറയുന്നതിന് കാരണം നിയമത്തിന്റെ പരിമിതിയാണ്. അതിൽ മാറ്റം വരുത്തണം. മറ്റ് ക്ഷേമനിധികളിൽ അടയ്ക്കുന്ന അംശദായം ക്ഷേമനിധി കാലാവധി പൂർത്തിയാകുന്ന സന്ദർഭത്തിൽ അംഗങ്ങൾക്ക് കൊടുക്കുന്നതുപോലെ പ്രവാസി ക്ഷേമനിധിയിൽ കൊടുക്കുന്നില്ല. ഇതിലെ പെൻഷൻ ആകർഷകമാക്കണം. അംശദായം അടയ്ക്കുന്ന ആളുകൾക്ക് പെൻഷൻ ആകുന്ന സമയത്ത് അടച്ച സംഖ്യയും അതിന്റെ പലിശയും കൊടുക്കുന്നതിനുള്ള ഭേദഗതി ഉണ്ടാകണം. പ്രവാസി ക്ഷേമനിധിക്കുള്ള കേന്ദ്ര സഹായം ആവശ്യപ്പെടുന്നതിനുള്ള പ്രോജക്ട് കേന്ദ്ര

ഗവൺമെന്റിന് സമർപ്പിക്കണം. ക്ഷേമനിധിയുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ക്ഷേമനിധിയിൽനിന്നും നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കണം. പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും അവർക്കെതിരെയുള്ള അനീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പ് തടയുന്നതിന് സംവിധാനമുണ്ടാക്കണം. വിദേശത്ത് ജോലി തേടാൻ ആഗ്രഹിക്കുന്ന മലയാളി നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. എംബസ്സികളിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതോടൊപ്പം പ്രവാസികളോടുള്ള ജീവനക്കാരുടെ സമീപനത്തിൽ മാറ്റം വരുത്തുന്നകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. ജയിലുകളിൽ കഴിയുന്ന പ്രവാസികൾക്ക് നിയമപരമായ സഹായം എത്തിക്കുന്നതിന് സർക്കാർ തയ്യാറാകണം. സംസ്ഥാനത്തെ വിമാനത്താവളങ്ങൾക്ക് അന്തർദേശീയ പദവി ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. നിതാഖത്ത് നിയമംമൂലം തിരികെയെത്തിയ പ്രവാസികൾക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് നടപടി

സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ഇറാക്ക്, യെമൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തിരിച്ചുവന്ന നഴ്സുമാർക്ക് പ്രവാസി മലയാളികളുടെ നേതൃത്വത്തിലുള്ള ആശുപത്രികളിൽ ജോലി ലഭ്യമാക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. ഗൾഫ് രാജ്യങ്ങളിൽ മലയാളി നഴ്സുമാർ തട്ടിപ്പിനിരയാകുന്നുവെന്ന പരാതിയെത്തുടർന്ന് കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ ഗവൺമെന്റ് മേഖലയിലുള്ള നഴ്സുമാരുടെ ഒഴിവുകളിലേയ്ക്ക് നോർക്ക, ഒഡെപെക് തുടങ്ങിയ ഏജൻസികൾ മുഖാന്തിരം റിക്രൂട്ട്മെന്റ് നടത്താമെന്ന് കരാർ ഉണ്ടാക്കുകയും മറ്റ് ജി.സി.സി. രാജ്യങ്ങളുമായി ഇത്തരത്തിൽ കരാർ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിമാന നയത്തിൽ മാറ്റങ്ങൾ നിർദ്ദേശിക്കുമ്പോൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങളും അറിയിക്കുന്നതാണ്. നിതാഖത് നിയമംമൂലം മടങ്ങിവന്ന പ്രവാസികൾക്ക് സമഗ്രമായ റീഹാബിലിറ്റേഷൻ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ പ്രവാസികൾ മുന്നോട്ടുവന്നിട്ടില്ല. സംസ്ഥാന പദ്ധതിയോട് ബാങ്കുകൾ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അംശദായത്തിന്റെ 10 ശതമാനമായി ഗവൺമെന്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനും

പുനരധിവാസത്തിനുള്ള കേന്ദ്രസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. എംബസികളിൽ മലയാളി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനും വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവർക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനും നോർക്കയുടെ അഡ്വൈസറി കമ്മിറ്റികൾ ജി.സി.സി. രാജ്യങ്ങളിൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2015 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്):2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ ആഭ്യന്തരം സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

## ക്രമപ്രശ്നം

### ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. മാത്യു റ്റി. തോമസ്: ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ അനുസരിച്ച് കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ച് നിയമം പാസ്സാക്കാൻ പാർലമെന്റിനും നിയമസഭയ്ക്കും അധികാരമുണ്ട്. നിയമസഭ പാസ്സാക്കുന്ന നിയമവും പാർലമെന്റ് പാസ്സാക്കുന്ന നിയമവും തമ്മിൽ ഭിന്നതയുണ്ടെങ്കിൽ പാർലമെന്റ് പാസ്സാക്കുന്ന നിയമമാണ് പ്രിവെയിൽ ചെയ്യുന്നത്. സംസ്ഥാന നിയമസഭ ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയാണ് അവതരിപ്പിക്കുന്നത്. അപ്രകാരം മുൻകൂർ അനുമതി വാങ്ങാത്തതിനാൽ ഇത് കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയങ്ങളെ സംബന്ധിച്ച് നിയമം പാസ്സാക്കാൻ പാർലമെന്റിനും നിയമസഭയ്ക്കും അധികാരമുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകളിൽ നിന്നും നിയമസഭ പാസ്സാക്കുന്ന നിയമത്തിന് വ്യത്യാസമുണ്ടെങ്കിൽ ബിൽ പാസ്സാക്കിയ ശേഷം പ്രസിഡന്റിന്റെ അനുമതി വാങ്ങാവുന്നതും ഓർഡിനൻസാണെങ്കിൽ പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതുമാണ്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിന് നിയമപരമായി യാതൊരു തടസ്സവുമില്ല.

## റൂളിംഗ്

മി. സ്പീക്കർ: കേന്ദ്ര നിയമങ്ങൾക്കുള്ള സംസ്ഥാന ഭേദഗതി ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങേണ്ടതില്ലായെന്ന കാര്യം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30-3-2010-ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. 2015-ലെ ഹിന്ദു പിന്തുടർച്ചാ ഭേദഗതി പോലുള്ള ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെയോ രാഷ്ട്രപതിയുടെയോ മുൻകൂർ അനുമതി വാങ്ങണമെന്നുള്ള വ്യവസ്ഥ ഭരണഘടനയിലും ഇല്ല. ഈ ബില്ലിലെ വിഷയം ഭരണഘടനയുടെ സമവർത്തി ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയമായതിനാൽ ബിൽ നിയമസഭ പാസ്സാക്കിയശേഷം രാഷ്ട്രപതിയുടെ അനുമതിക്ക് അയച്ചാൽ മതിയാകുന്നതാണ്.

ഈ സാഹചര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിലും ശ്രീ. മാത്യൂ റ്റി.തോമസ് ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു തെറ്റ് തിരുത്തുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമമാണിത്. ഭാര്യ, മകൻ, മകൾ, മാതാവ് എന്നിവരാണ് മരണപത്രം എഴുതി വയ്ക്കാതെ മരിക്കുന്ന ഒരു ഹിന്ദു പുരുഷന്റെ സ്വത്തിനുള്ള അവകാശികൾ. ഇപ്രകാരം സ്വത്തിനുള്ള അവകാശം ലഭിച്ച മാതാവ് മരണപ്പെടുകയാണെങ്കിൽ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ആ കുടുംബത്തിലെ എല്ലാവർക്കും പ്രസ്തുത സ്വത്തിന്മേൽ അവകാശം ഉണ്ടാകും. മുമ്പ് മരിച്ച പുത്രനിൽ നിന്നും മാതാവിന് ലഭിച്ച ഓഹരി മാതാവിന്റെ മരണശേഷം മുമ്പ് മരിച്ച പുത്രന്റെ ഭാര്യയ്ക്കും മക്കൾക്കും മാത്രം ലഭിക്കത്തക്ക രീതിയിൽ ഭേദഗതി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ നിയമത്തിലുള്ള അപാകതമൂലം പലർക്കും പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്ന ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. രാജു: 2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഹിന്ദു പിൻതുടർച്ച നിയമത്തിന്റെ പതിനഞ്ചാം വകുപ്പിൽ ഒരു ക്ലോസ് കൂടി ചേർക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി. ഹിന്ദു പിൻതുടർച്ചാവകാശ നിയമപ്രകാരം ഒരാൾ മരിച്ചാൽ അദ്ദേഹത്തിന്റെ അമ്മ ജീവിച്ചിരിക്കുകയാണെങ്കിൽ അയാളുടെ സ്വത്തിനുള്ള അവകാശം അമ്മയ്ക്ക് ലഭിക്കും. ഇപ്രകാരം സ്വത്തവകാശം ലഭിച്ച മാതാവ് മരണപ്പെടുകയാണെങ്കിൽ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ആ മാതാവിന്റെ എല്ലാ മക്കൾക്കും പ്രസ്തുത സ്വത്തിന്മേൽ അവകാശം ലഭിക്കും. മരണപ്പെട്ട ആളിന്റെ ഭാര്യയ്ക്കോ മക്കൾക്കോ ആയി അവകാശം ഒതുങ്ങുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം കൊണ്ടുവരുന്നത്. സമൂഹത്തിന്റെ പൊതുതാൽപര്യം ആരാഞ്ഞുകൊണ്ട് ഈ നിയമം നടപ്പാക്കണം. ഈ നിയമ ഭേദഗതിക്ക് റെട്രോസ്പെക്റ്റീവ് ഇഫക്ട് നൽകുന്നതിനെപ്പറ്റി വിശദമായ ചർച്ച നടത്തി തീരുമാനമെടുക്കണം. പല ഹിന്ദു കുടുംബങ്ങളിലും ഇപ്പോഴും നിലനിൽക്കുന്ന സ്ത്രീ-പുരുഷ വിവേചനത്തിനും അനീതിക്കും ഒരു പരിധിവരെ പരിഹാരം കാണാൻ ഹിന്ദു പിന്തുടർച്ച ഭേദഗതി ബില്ലിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: 2015-ലെ ഹിന്ദു പിന്തുടർച്ച (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. മുൻപ് മരിച്ച പുത്രനിൽനിന്നും മാതാവിന് കിട്ടിയ ഓഹരി, മുൻപ് മരിച്ച പുത്രന്റെ ഭാര്യയും മക്കളും അല്ലാത്ത മറ്റ് അനന്തരാവകാശികളിലേയ്ക്കു കൂടി സംക്രമിക്കുന്ന അനീതി അവസാനിപ്പിക്കുന്നതിനും സ്വത്ത് തിരികെ മകന്റെ അനന്തരാവകാശികൾക്ക് ലഭിക്കുന്നതിനും വേണ്ടി കൊണ്ടുവന്നിട്ടുള്ള ഭേദഗതി സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. കൂടാതെ അമ്മ മരിച്ചു പോവുകയാണെങ്കിൽ മരിച്ച പുത്രന്റെ സ്വയാർജ്ജിത സ്വത്തുക്കളുടെ ഷെയർ മറ്റുള്ളവർക്കു പോകുന്നുവെന്ന അനീതി ഇല്ലാതാക്കാൻ ഈ ഭേദഗതിയിലൂടെ സാധിക്കും. ഈ നിയമഭേദഗതിക്ക് റിട്രോസ്പെക്ടീവ് ഇഫക്ട് നൽകണമെന്ന അഭിപ്രായത്തോട് വിയോജിക്കുന്നു. ഇത്തരം നിയമങ്ങളൊക്കെ പ്രാബല്യത്തിലുള്ളപ്പോൾത്തന്നെ സ്വത്ത് ഭാഗംവയ്ക്കലുമായി ബന്ധപ്പെട്ട് ധാരാളം കേസുകൾ കോടതികളിൽ നിലനിൽക്കുന്നുവെന്ന കാര്യം വിസ്മരിച്ചുകൂടാ. റിട്രോസ്പെക്റ്റീവ് എഫക്റ്റിനെക്കുറിച്ച് നിയമത്തിൽ പറയാത്തിടത്തോളം കാലം അത് കൊടുക്കാൻ സാധിക്കില്ല. ഈ നിയമം കൊണ്ട് പെന്റിംഗ് കേസുകളിലുള്ളവർക്കൊന്നും ആനുകൂല്യം ലഭിക്കുന്നില്ല. ഇന്റൻഷൻ ക്ലിയറാണെങ്കിൽ പെന്റിംഗ് കേസുകളിൽ ഉൾപ്പെട്ടവർക്കും ആനുകൂല്യം ലഭിക്കുന്നതിനായി ഒരു പ്രൊവിസോ ചേർക്കുന്നതിൽ തെറ്റില്ല. ഇപ്പോൾ നിലവിലുള്ള പെന്റിംഗ് ലിറ്റിഗേഷൻസ് അവസാനിപ്പിക്കുന്നതിനായി 'ഈ

പ്രൊവിസോയോടുകൂടി ഈ സെക്ഷനിൽ അതിനുള്ള പ്രയോജനം ലഭിക്കും' എന്ന വാചകം കൂടി ചേർക്കുന്നത് നന്നായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ഈ നിയമത്തോട് യോജിക്കുന്നു എന്ന കാര്യം വ്യക്തമാണ്. നിലനിൽക്കുന്ന അനീതി പൂർണ്ണമായും പരിഹരിക്കാൻ ഈ നിയമം പാസ്സാകുന്നതിലൂടെ സാധിക്കും. നിയമപരമായ തടസ്സവും പ്രായോഗികമായ ബുദ്ധിമുട്ടുകളും നിലനിൽക്കുന്നതുകൊണ്ട് മുൻകാല പ്രാബല്യം കൊടുക്കാൻ സാദ്ധ്യമല്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2015-ലെ ഹിന്ദു പിൻതുടർച്ച (കേരള ഭേദഗതി) ബിൽ ആഭ്യന്തരം സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 3.24-ന് പിരിഞ്ഞു.

***